(സി) പേ ക്ലിനിക്കുകൾ ആരംഭിക്കുന്നതുമൂലം സർക്കാരിന് ലഭിക്കുന്ന അധികവരുമാനം ഉപയോഗിച്ച് പാവപ്പെട്ട രോഗികൾക്ക് മരുന്ന് വാങ്ങി സൗജന്യമായി നൽകാൻ സന്നദ്ധമാവുമോ;

(ഡി) ആരോഗ്യ വകുപ്പിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ കേഡർ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ഇ) ഏതെല്ലാം തരത്തിലുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ തസ്തികകളാണ് സൃഷ്ടിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കുന്നതെന്നും ഇതിനായി എന്ത് അധികതുക പ്രതിമാസം വേണ്ടിവരുമെന്നും അറിയിക്കാമോ?

ഉത്തരം

(എ, ബി) പേ ക്ലിനിക്കുകൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ചോദ്യം ഇപ്പോൾ പ്രസക്തമല്ല.

(ഡി) ഉണ്ട്.

(ഇ) ആരോഗ്യവകുപ്പിൽ അഡ്മിനിസ്ട്രേറ്റീവ് കേഡർ, മെഡിസിൻ, സർജറി, ഗൈനക്കോളജി, അനസ്തേഷ്യോളജി, പീഡിയാട്രിക്സ്, ഒഫ്താൽമോളജി, ഇ.എൻ.ടി., സൈക്യാട്രി, ഓർത്തോപീഡിക്സ്, ഡെർമറ്റോളജി, റേഡിയോളജി, റേഡിയോതെറാപ്പി, കാർഡിയോളജി, യൂറോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ സ്പെഷ്യാലിറ്റിയിലുള്ള തസ്തികകൾ ആണ് സൃഷ്ടിച്ചിട്ടുള്ളത്.

(എഫ്) ആകെ 375 തസ്തികകൾ ആണ് അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇതിനായി പ്രതിമാസം 41,17,400 രൂപ അധികമായി വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

155 [823] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര രോഗികളെ കിടത്തി ചികിത്സിക്കാനുള്ള അനുവാദമാണ് ഉള്ളത്;

(ബി) പ്രസ്തുത അനുവാദം നൽകിയത് ഏതു വർഷം ആണ് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ആശുപത്രികളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) നിലവിൽ 210 രോഗികളെ ഇവിടെ കിടത്തി ചികിത്സിക്കാനുള്ള അനുമതി ഉണ്ട്. 1978-ൽ 170 ബഡ്ഡുകൾക്കുള്ള അനുമതി നൽകിയിരുന്നത് 1984-ൽ 210 ആയി വർദ്ധിപ്പിച്ചു.

(സി, ഡി) അതാത് സ്ഥാപനങ്ങളുടെ ആവശ്യാനുസരണം ജില്ലാ മെഡിക്കൽ ആഫീസറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രി വികസന സമിതിയുമായും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായും ആലോചിച്ച് ജനപ്രതിനിധികളുടെ ഫണ്ടും സംസ്ഥാന പ്ലാൻ ഫണ്ടും ലഭ്യമാവുന്നത് അനുസരിച്ച് ഉപയോഗപ്പെടുത്തി ആവശ്യമായ ഭൗതിക സാഹചര്യങ്ങളും തസ്തികകളും സൃഷ്ടിച്ചതിനുശേഷമാണ് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നത്. മേൽപ്പറഞ്ഞ സാഹചര്യങ്ങൾ ലഭ്യമാവുന്ന മുറക്ക് മാത്രമേ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുവാൻ കഴിയുകയുള്ളൂ.

കോഴിക്കോട് ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ

156 [830] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ സബ്സെന്ററായ ചെറൂപ്പ ഹെൽത്ത് സെന്ററിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഗവൺമെന്റിന്റെയും മെഡിക്കൽ കോളേജ് ആശുപത്രിയുടേയും ബ്ലോക്ക് പഞ്ചായത്തിന്റെയും അധികാര പരിധിയിൽ വരുന്നതിനാൽ സ്ഥാപനം നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനം ഒരൊറ്റ ഏജൻസിയുടെ കീഴിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ ഐ. പി. വിഭാഗം പ്രവർത്തനം തുടങ്ങാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ഇ) ഈ ആശുപത്രിയുടെ ശോചനീയാവസ്ഥ മാറ്റിക്കിട്ടാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly